കമ്മിറ്റി മുഖേന നടപ്പിലാക്കിവരുന്ന ജലസേചന പദ്ധതിയാണ് ജലധാരാ പദ്ധതി, ഈ പദ്ധതി പ്രകാരം ഇതുവരെയായി 320 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒരു സാമ്പത്തികവർഷം ഏറ്റെടുക്കുന്ന പണികൾ ആ വർഷം തന്നെ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ചലച്ചിത്രങ്ങൾക്ക് അവാർഡുകൾ കൊടുക്കുന്നതിനുള്ള മാനദണ്ഡം

5. [1774] ശ്രീ. വി. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്രങ്ങൾക്ക് അവാർഡുകൾ കൊടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ; ഇല്ലെങ്കിൽ മാനദണ്ഡം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ക്ലാസിക്ക് ചിത്രങ്ങളെയും അല്ലാത്തവയെയും തരംതിരിച്ച് അവാർഡുകൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിഗണിക്കുമോ ;

(സി) കൂടുതൽ പ്രേക്ഷകർ കാണുന്ന ചിത്രങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവയിൽ നിന്നും അവാർഡ് ചിത്രങ്ങൾ തെരഞ്ഞെടുക്കണമെന്ന നിർദ്ദേശം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതതു വർഷം നിയോഗിക്കപ്പെടുന്ന അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ നിർദ്ദേശമാണ് ഗവൺമെൻറ് അംഗീകരിക്കുന്നത്.

(ബി) തൽക്കാലം പരിഗണിക്കുന്നില്ല.

(സി) തൽക്കാലം നിലവിലുള്ള നടപടിക്രമം മാറ്റുന്ന കാര്യം പരിഗണനയിൽ ഇല്ല.

സിനിമാ അവാർഡു കമ്മിറ്റി ഒഴിവാക്കൽ നടപടി

6. [1776] ശ്രീ. ടി. പി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സിനിമാ അവാർഡ് കമ്മിറ്റി അംഗങ്ങളെ പരസ്യ പ്രസ്താവനകൾ നടത്തുന്നത് നിയന്ത്രിക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിൻറെ പരിഗണനയിലാണ്.

സംസ്ഥാനത്തിൻറെ കടബാദ്ധ്യത കുറച്ചുകൊണ്ടുവരുന്നതിന് നടപടി

7. [1785] ശ്രീ. ഒ. ഭരതൻ :

,, ടി. കെ. ഹംസ :

ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൻറെ നടപ്പു സാമ്പത്തികവർഷത്തെ വരുമാനത്തിൻറെ എത്ര ശതമാനമാണ് നടപ്പുവർഷം പലിശയിനത്തിൽ കൊടുക്കേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിന്റെ കട ബാദ്ധ്യത കുറച്ചു കൊണ്ടു വരുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1995-96-ലെ പുതുക്കിയ ബഡ്ജറ് എസ്റ്റിമേറ് പ്രകാരം നടപ്പുവർഷത്തെ റവന്യൂ വരുമാനത്തിന്റെ 17.8% പലിശ ഇനത്തിൽ കൊടുക്കേണ്ടിവരുന്നു.

(ബി) നികുതി ഘടനയിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും, നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ചും കൂടുതൽ വിഭവ സമാഹരണം നടത്തുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇപ്രകാരം സ്വരൂപിക്കുന്ന വരുമാനംകൊണ്ട് സർക്കാരിന് പ്രയാസം കൂടാതെ വായ്പകൾ തിരിച്ചടയ്ക്കുവാൻ കഴിയുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതിവഴി സമാഹരിക്കുന്ന തുക

8. [1787] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1995-96 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ എത്ര രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് ;

(ബി) ഇതുവരെ എന്തു തുക സമാഹരിച്ചു ?

ഉത്തരം

(എ) 1995-96 സാമ്പത്തികവർഷം ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ 600 കോടി രൂപ മിച്ച നിക്ഷേപമാക്കി സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) ജനുവരിമാസം വരെ മിച്ച നിക്ഷേപമായി 216 കോടി രൂപ സമാഹരിച്ചു.

ആഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ചെലവഴിച്ച തുക

9. [1788] ശ്രീ. ഇ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1995-96-ലെ ബഡ്ജറിൽ ട്രഷറി, നാഷണൽ സേവിംഗ്സ്, ലോക്കൽ ഫണ്ട് ആഡിറ്റ്, സ്റ്റേറ്റ് ഇൻഷ്വറൻസ് എന്നീ വകുപ്പുകൾക്ക് ഒരു ആഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുക നിർദ്ദിഷ്ട ലക്ഷ്യത്തിനുവേണ്ടി ചെലവഴിച്ചോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തുക എന്തിനുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1995-96-ലെ ബഡ്ജറ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന തുക കോംപ്ലക്സിനു് അനുയോജ്യമായ സ്ഥലം ഇതുവരെയും കണ്ടു പിടിക്കാൻ സാധിക്കാത്തതിനാൽ ഭരണാനുമതി പുറപ്പെടുവിക്കുവാനും ബഡ്ജറിൽ വകയിരുത്താനും കഴിഞ്ഞിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly